

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

## പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# സമയമാലാഖയുടെ സമ്മാനം



ഷാജി മാലിപ്പാറ

"ഗുഡ്മോണിങ് റോസ്മോൾ..." മാലാഖയുടെ സ്വരം കേട്ട് റോസ്മോൾ ഉണർന്നു.

"ഇതാ ഞാൻ എത്തി. കഴിഞ്ഞവർഷം ഇതേ സമയത്ത് ഞാൻ വന്നത് റോസ്മോൾ ഓർക്കുന്നില്ലേ?" മാലാഖയുടെ ചോദ്യം കേട്ടപ്പോൾ അവൾക്ക് എല്ലാം ഓർമ്മവന്നു. പുതുവത്സരത്തലേന്ന് മാലാഖ വന്നത്, ഒരു പുസ്തകം സമ്മാനിച്ചത്, അത് ഉപയോഗിക്കേണ്ട വിധം പറഞ്ഞത്... എല്ലാം അവൾ ഓർത്തു.

"ഞാൻ തന്ന പുസ്തകം എവിടെ? അതു തരുമ്പോൾ ഞാൻ പറഞ്ഞിരുന്നില്ലേ ഇനി വരുമ്പോൾ എനിക്കത് തിരിച്ചു തരണമെന്ന്."

ശരിയാണല്ലോ. ഒരു വർഷം കഴിയുമ്പോൾ മാലാഖ വരുമെന്നും പുസ്തകം തിരിച്ചേല്പിക്കണമെന്നും പറഞ്ഞിരുന്നു. അവൾ അലമാരയിൽനിന്ന് പുസ്തകം എടുത്തുകൊണ്ടു വന്നു. അതിൽ ആകെ 365 പേജുകളാണുള്ളത്. ഓരോ ദിവസത്തിനും ഓരോ പേജ് വീതം. അതിൽ നമ്മൾ ഒന്നും എഴുതുകയോ വരയ്ക്കുകയോ വേണ്ടാ. ഓരോ ദിവസവും നമ്മൾ എങ്ങനെ ചെലവഴിക്കുന്നുവോ അതനുസരിച്ച് ഓരോ പേജിലും വരികളോ വർണ്ണങ്ങളോ ഉണ്ടാകും. എല്ലാദിവസവും നന്നായി ഉപയോഗിച്ചാൽ എല്ലാ പേജുകളും മനോഹരമായിരിക്കും.

മാലാഖ റോസ്മോളുടെ കൈയിൽനിന്ന് പുസ്തകം വാങ്ങി ഓരോ പേജുകൾ മറിച്ചുനോക്കി. ചിലത് നല്ല വൃത്തിയുള്ളത്. ചിലതിൽ വർണ്ണചിത്രങ്ങൾ. വേറെ ചിലതിൽ കറുത്തിരുണ്ട വരകളും കുറികളും, മറ്റു ചിലതിൽ പുകയും കരിയും നിറഞ്ഞിരിക്കുന്നു. ചില പേജുകളിൽ ഒന്നും കാണാനില്ല. ചിലതിലാകട്ടെ രസമുള്ള കുഞ്ഞുകുഞ്ഞു ചിത്രങ്ങൾ കാണാം. ഓരോ പേജും മറിച്ചുനോക്കുമ്പോൾ മാലാഖയുടെ മുഖത്ത് പലതരം ഭാവങ്ങൾ മാറിമറിയുന്നത് റോസ്മോൾ ശ്രദ്ധിച്ചു.

ഒടുവിൽ മാലാഖ പുസ്തകം അടച്ചുവച്ചു. എന്നിട്ടു പറഞ്ഞു: "റോസ്മോൾ ഈ വർഷം ഒത്തിരി നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആ ദിവസങ്ങളുടെ പേജുകൾ കാണാൻ നല്ല രസമുണ്ട്. ചിലതാകട്ടെ ചീത്തയായ പേജുകളാണ്. അതിനു കാരണം ആ ദിവസങ്ങൾ നന്നായി ഉപയോഗിക്കാത്തതാണ്. മടിപിടിച്ച ദിവസങ്ങൾ, പിണങ്ങിക്കഴിഞ്ഞ നാളുകൾ, കൊച്ചുകൊച്ചു തെറ്റുകൾ ചെയ്ത ദിനങ്ങൾ ഒക്കെയാണ് അവ."

മാലാഖയുടെ വാക്കുകൾ കേട്ടപ്പോൾ അവൾക്കു ചമ്മലുണ്ടായി.

"ഈ പുസ്തകം ഒന്നുകൂടി തുറന്നുനോക്കുന്നുണ്ടോ?"

"വേണ്ടാ." അവൾ പതുക്കെ പറഞ്ഞു.

നിറം മങ്ങിയ പേജുകൾ കാണാൻ അവൾക്കു നാണം തോന്നി.

"ശരി, വേണ്ടാ." മാലാഖ പറഞ്ഞു. "ഈ പുസ്തകം ഞാൻ തിരിച്ചെടുക്കുന്നു. പകരം പുതിയൊരു പുസ്തകം തരാം. പുതുവർഷത്തിലേക്കുള്ള പുസ്തകമാണിത്. ഇതിലും 365 പേജുകളുണ്ട്. ഓരോ പേജും നന്നായിരിക്കാൻ ഓരോ ദിവസവും നന്നായി ഉപയോഗിക്കണം." മാലാഖ റോസ്മോൾക്കു നേരേ പുത്തനൊരു പുസ്തകം നീട്ടി.

ഭംഗിയുള്ള പുറംചട്ടയോടുകൂടിയ പുസ്തകം. കനമുള്ള പുസ്തകം. അവൾ അതു കൈയിൽ വാങ്ങി. നെഞ്ചോടു ചേർത്തുപിടിച്ചു. അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിരിഞ്ഞു. പുത്തൻ തീരുമാനത്തിന്റെ വെളിച്ചമായിരുന്നു ആ പുഞ്ചിരിയിൽ നിറഞ്ഞുനിന്നത്.

"ഹാപ്പി ന്യൂ ഇയർ!"

മുഴക്കമുള്ള സ്വരംകേട്ട് റോസ്മോൾ തലയുയർത്തുമ്പോൾ മാലാഖ പറന്നകന്നിരുന്നു.

******

പുതുവത്സരമാലാഖയുടെ കഥ നമ്മോടു പറയുന്നത് എന്താണ്? സമയത്തിന്റെ പ്രാധാന്യം തന്നെ. സമയമെന്നാൽ അവസരമാണ്. പുതിയ വർഷം ഒട്ടേറെ പുതിയ അവസരങ്ങൾ വച്ചുനീട്ടുന്നു. അവ ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചാൽ നാം വിജയിക്കും. അശ്രദ്ധ കാണിച്ചാലോ? പരാജയമാകും ഫലം. പ്രശസ്തകവി ജി. ശങ്കരക്കുറുപ്പ് 'മകനോട്' എന്ന കവിതയിൽ പറയുന്ന കാര്യം നമുക്കും ബാധകമാണ്:

'പറന്നു പോയ കിളിയെ-
പ്പക്ഷേ വീണ്ടും പിടിച്ചിടാം
കാലമോ പോവുകിൽപ്പോയി
കരുതിജ്ജോലി ചെയ്ക നീ...'

സമ്പത്ത്, അറിവ്, അധികാരം, സൗന്ദര്യം, സൗകര്യങ്ങൾ, സമയം എന്നിങ്ങനെ നമുക്കാവശ്യമുള്ള പല കാര്യങ്ങളുമുണ്ട്. അവയിൽ ഒന്നൊഴികെ മറ്റെല്ലാം പല അളവിലാണ് എല്ലാവർക്കും ലഭിക്കുന്നത്. സമ്പത്ത് ഏറെയുള്ളവരും ഇല്ലാത്തവരുമുണ്ട്. അറിവുള്ള പണ്ഡിതനും അറിവില്ലാത്ത പാമരനും ഉണ്ട്. അധികാരമുള്ള മനുഷ്യരും ഇല്ലാത്ത മനുഷ്യരും ഉണ്ട്. സൗന്ദര്യത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ട്. എന്നാൽ, സമയമെന്ന ഒരേയൊരു കാര്യത്തിൽ ഇത്തരം വ്യത്യാസങ്ങളില്ല. എല്ലാവർക്കും ഒരേപോലെയാണ് ദൈവം സമയം അനുവദിച്ചിരിക്കുന്നത്. ഒരു വർഷം ജീവിക്കുന്ന എല്ലാവർക്കും തുല്യമായ സമയമാണ് കിട്ടുന്നത്. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണു കാര്യം.

"സ്വർണ്ണത്തിന്റെ ഓരോ കഷണവും വിലപ്പെട്ടതായിരിക്കുന്നതുപോലെ സമയത്തിന്റെ ഓരോ നിമിഷവും വിലയേറിയതാണ്." ചിന്തകനായ ജെ. മാസൺ നമ്മെ ഓർമ്മിപ്പിക്കുന്നു.

"ജീവിതത്തെ സ്നേഹിക്കുന്നവന് സമയം വെറുതെ കളയാനില്ല." ബെഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന മഹാനാണ് ഇങ്ങനെ പറഞ്ഞത്.

കവികളും ചിന്തകരും നേതാക്കളുമൊക്കെ സമയത്തിന്റെ മഹത്ത്വത്തെപ്പറ്റി ഒത്തിരിക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അവയിൽനിന്ന് ഊർജം സ്വീകരിച്ച് നാം പുത്തനാണ്ടിൽ ഒത്തിരിക്കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കാരണം, സമയമാലാഖ നമുക്കും ഓരോ പുസ്തകം സമ്മാനിക്കുന്നുണ്ട്. അതിന്റെ ഓരോ പുറവും മോടിയുള്ളതാക്കി മാറ്റാൻ നമുക്കു കഴിയും. ഉത്സാഹവും ജാഗ്രതയും ഉണ്ടാവണം.



# നിറം മങ്ങിയ സ്വപ്നം



**അഹമ്മദ് സിനാൻ കെ**
പൊന്മുണ്ടം
സ്കൂൾ ഓഫ്
എക്സലൻസ്

ഒരു ഉണർവ് കഴിഞ്ഞ് വീണ്ടും ഉറക്കത്തിലേക്കു ചാഞ്ഞപ്പോൾ, ഞാൻ അവളുടെ മുഖം വ്യക്തമായി ക്കണ്ടു. ഒരിക്കലും കാണാത്തൊരു മൃദു പുഞ്ചിരി അവൾ എനിക്കു സമ്മാനിച്ചു. അറിയാതെ എന്റെ അധരങ്ങളിലും ഒരു ചെറുചിരി വിടർന്നുപോയി. എന്തു ചോദിക്കണമെന്നറിയാതെ, അവളുടെ മുമ്പിൽ ഞാൻ ഒരു തൂണുപോലെ നിന്നു.

വീട്ടുവിവരങ്ങൾ അന്വേഷിക്കാൻ നിൽക്കുമ്പോൾ, അവൾ ഒരു പൊതി എനിക്കു നീട്ടി. അല്പം മടിച്ചെങ്കിലും അതു കൈപ്പറ്റി. എങ്കിലും, എന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നം. 'പൊതിക്കുള്ളിൽ എന്തായിരിക്കും?'

ഞാൻ പൊതിതുറക്കാൻ തുടങ്ങി. അപ്പോഴാണ് അകലെയായി ഉമ്മയുടെ ശബ്ദം: "സഫറേ... എണീക്കൂ, സ്കൂൾ ഉണ്ടല്ലോ?"

ഞെട്ടി കണ്ണുതുറന്നപ്പോഴാണ് മനസ്സിലായത്, ഇത്രയുംനേരം ഞാൻ സ്വപ്നലോകത്തിലായിരുന്നു എന്ന്. മനസ്സ് സ്വയം ചോദിച്ചു: "ഈ സ്വപ്നം സത്യമായിത്തീരുമോ?" മറുപടി കിട്ടാതെ ഞാൻ സ്കൂളിലേക്കു പോകാൻ തിടുക്കം കൂട്ടി.

സ്കൂളിലെത്തിയപ്പോൾ, വരാന്തയിൽനിന്നുകൊണ്ട് അവൾ എന്റെ കണ്ണുകളിലേക്കു നോക്കി. പതുക്കെ ഞാൻ അവളുടെ കണ്ണിലേക്കും. അറിയാതെ എന്റെ കൺപീലികൾ പതുക്കെ ചിമ്മിപ്പോയി. വരാന്തയുടെ ഒരു മൂലയിൽ, ഞങ്ങൾ സ്ഥാനം ഉറപ്പിച്ചു.

ഒഴിവുസമയമായപ്പോൾ, ഞങ്ങൾ ബൈക്കിൽ പുറപ്പെട്ടു. കാറ്റിനൊപ്പം ചിരിയും പങ്കുവച്ച്, വഴികളിലൂടെ സഞ്ചരിച്ചു. അപ്പോഴാണ്, ദൂരെയായി നിരവധി ആംബുലൻസുകൾ നീങ്ങുന്നതു ശ്രദ്ധയിൽപ്പെട്ടത്. കൗതുകം ഞങ്ങളെ ആ ദിശയിലേക്കു തിരിച്ചു.

അപ്പോൾ, ഫാത്തിമയ്ക്ക് ഒരു ഫോൺ വിളി-അയൽവാസിയാണ്. അപ്പുറത്തു നിന്ന് വിറളി പിടിച്ച ശബ്ദം.

"രക്തം വാർന്ന് ആശുപത്രിയിലേക്ക് ഉമ്മയെ കൊണ്ടുപോയിട്ടുണ്ട്... നീ ഉടൻ വരണം..."

വാക്കുകൾ വിങ്ങിപ്പോയി. ഫോൺ നിലച്ചു.

കാമുകനോട് എന്തു പറയണമെന്നറിയാതെ, അവൾ വിയർത്തു. അവന്റെ കൈപ്പിടിയിൽനിന്നു വിട്ട്, ആശുപത്രിയിലേക്കുള്ള ഓട്ടം തുടങ്ങി.

പക്ഷേ, വിധി മറ്റൊന്നായിരുന്നു. വഴിയിലൂടെ ഒരു നിയന്ത്രണം വിട്ട വാഹനം...



ഹോസ്പിറ്റലിന്റെ കവാടത്തിൽ, ഈ കുടുംബത്തിന്റെ അവസാന പ്രതീക്ഷയായി അവൾക്കുണ്ടായിരുന്ന ആ ചൂടും തണലും നഷ്ടപ്പെട്ടിരുന്നു.

രക്തത്തിൽ അമർന്നു കിടക്കുന്ന ശരീരം, കണ്ണുകൾ പതുക്കെ തുറന്നു. അതായിരുന്നു അവളുടെ പ്രണയത്തിൽ നിന്ന് യാഥാർത്ഥ്യത്തിലേക്കുള്ള അവസാന ഉണർവ്.

ആ നിമിഷത്തിൽ, അവളുടെ ലോകം മുഴുവൻ രക്തത്തിന്റെ നിറത്തിൽ മുങ്ങിപ്പോയിരുന്നു.




**ആവണി സന്തോഷ്**
ക്ലാസ് 8
നിർമ്മല പബ്ലിക്
സ്കൂൾ,
കരിമണ്ണൂർ





**ആത്മിക അരുൺ**
ക്ലാസ് 4
മെഡിക്കൽ കോളജ്
കാമ്പസ് സ്കൂൾ,
കോഴിക്കോട്



# അമ്മമലയാളം





**അഭയ് എൽ.പി.**
ക്ലാസ് 6
ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂൾ
മാരനല്ലൂർ, കൂവളശ്ശേരി

'മലയാളം മരിക്കുന്നു' എന്ന മാതൃഭാഷാസ്നേഹം മുറ്റിയ വാക്കുകളും അതിനെ സംരക്ഷിക്കുന്നതിനായുള്ള സംഘടനകളും ഇപ്പോൾ നിരവധിയുണ്ട്. ഭരണത്തിലും പഠനതലത്തിലും ഇംഗ്ലീഷ് ഏറെക്കുറെ സാധാരണമായതാണ് മലയാളത്തിന്റെ ഉപയോഗക്കുറവിനു കാരണം. ഈ പശ്ചാത്തലത്തിൽ ഭരണപാഠ്യതലങ്ങളിൽ മലയാളഭാഷയ്ക്കു നല്കേണ്ട സ്ഥാനത്തെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്നു മലയാളിക്ക് മലയാളം അന്യമാവുന്നു എന്നു മാത്രമല്ല, മലയാളം പറയുന്നതു കുറ്റകരമാണെന്നും ശിക്ഷാർഹമാണെന്നുപോലുമുള്ള അവസ്ഥയിലാണ്.

1956 ലാണ് സംസ്ഥാനങ്ങൾ രൂപീകരിച്ചത്. ഓരോ സംസ്കാരവും അതതു ഭാഷയിൽ വിനിമയം ചെയ്യപ്പെടേണ്ടതുണ്ട് എന്ന ചിന്തയിൽനിന്നാണ് ഭാഷാസംസ്ഥാനങ്ങൾ രൂപം കൊണ്ടത്. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭതന്നെ ഭരണഭാഷ മലയാളമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിവച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് അധികാരമേറ്റയുടൻതന്നെ കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചു. കേരളത്തിൽ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനു വളരെയധികം പാടുപെട്ടത് 1965 ൽ ഗവർണറായിരുന്ന ശ്രീ. എ.പി. ജയിൻ ആണ്.

എന്തു വിലകൊടുത്തും നമുക്ക് നമ്മുടെ മാതൃഭാഷയെ സംരക്ഷിക്കേണ്ടതുണ്ട്. മലയാളിയെ മലയാളിയാക്കുന്നത് മലയാളഭാഷയാണ്. ഒരു നല്ല മലയാളിക്കേ നല്ല ഇന്ത്യക്കാരനാകാൻ കഴിയൂ. നല്ല മലയാളിയാകാൻ നാവിൻതുമ്പത്തു മലയാളവും വേണം. നിത്യജീവിതത്തിലെ സംഭാഷണത്തിൽപ്പോലും 'മമ്മിയും ഡാഡിയും' കടന്നുവരുന്ന ഈ കാലഘട്ടത്തിൽ മലയാളിയുടെ ഒറ്റക്കെട്ടായ ശ്രമത്തിലൂടെ മാത്രമേ ഇതു നേടിയെടുക്കാനാവൂ. അതല്ലെങ്കിൽ 'കേരളം ഒരു ഭ്രാന്താലയമാണ്' എന്ന വിവേകാനന്ദന്റെ പരിഹാസംപോലെ 'മാതൃഭാഷയിലും പഠിപ്പിക്കാത്ത ഒരേ ഒരു രാജ്യം ഇന്ത്യയാണ്' എന്ന ടാഗോറിന്റെ പരിഹാസം നമ്മെ സദാ വേട്ടയാടിക്കൊണ്ടിരിക്കും.



**നിഥിൻകുമാർ പത്തനാപുരം**
*ശ്രീനാരായണ*
*ഓപ്പൺ യൂണിവേഴ്സിറ്റി*
*എം.എ. മലയാളം*

# ഒറ്റവരിയിൽ അവസാനിക്കാതെ പോയതിൽ ചിലത്

ഓരോ മഴയും
പലവഴി സഞ്ചരിച്ച
കഥകളുമായാണ്
അരികിലേക്കു വരിക.
പറയാൻ പാകമൊരു
നൂലിൽ കോർത്തവ
കാത്തിരിക്കും.

അരികുചേർന്നു വരും
പുതുതെന്നലിൻ
ഈണംകൊണ്ടവ പാടും.
കഥപാടുന്ന പക്ഷികൾ
മഴയുടെ നേർക്കു കുതിക്കും.

ഏറെക്കാലമായി കൊതിച്ചിരുന്ന
മഴയാണെന്ന് അറിയുംവരെ
അവർ പഴിക്കും.
ദാഹം തുടങ്ങുംനേരം
അവർ കിതച്ചുകൊണ്ട് കരയും.
അപ്പോഴും മഴയവൾ കഥ പാടും.

അശോകം പൂക്കും
കാലം വന്നാൽ കഥകൾ വളരും
അവയിൽ പുതുജീവനുകൾ
പിറക്കും.

വിത്തുകൾ നഷ്ടമായ
പക്ഷിക്കൂട്ടം അപ്പോഴും
കാത്തിരുന്ന നിമിഷമിതെന്ന്
അറിയാതെ പറന്നകലും.

വെയിൽ തിന്നു തീർത്ത
ജീവിതങ്ങളിൽ ബാക്കിയുണ്ട്
ചിലതിന്നും വരണ്ട മണ്ണിനുള്ളിൽ
പുതഞ്ഞുകൊണ്ട്.

ഇരുത്തം വീഴാത്ത പലതും
അവിടെ ചിതൽമൂടിക്കിടക്കുന്നു.
കരിയിലമറവിൽ പതുങ്ങി
പരിമളം ഒളിപ്പിച്ചൊരു
പൂവിന്നും അവിടെയുണ്ട്.

ചുറ്റും കൂടുന്നവരുടെ
കണ്ണുകൾ ഒച്ചപൊങ്ങാത്ത
ഇടങ്ങളിൽ മാത്രം പായുമ്പോൾ
ഭയം കൊണ്ടു മാത്രം കാണുന്ന
കണ്ണുകൾക്കു ഭംഗികൂടുമത്രേ.

മരണത്തിനു മുമ്പൊരു
വിളി കേൾക്കാം
ആളൊഴിഞ്ഞ പലയിടങ്ങളിലും.
മഴ പാടിയ കഥകളിൽ
പലതും ശബ്ദമുയരാത്ത
പെൺകഥകളായിരുന്നു.

ഇന്നും നവകഥകളുമായി
അവൾ വരുന്നു.
കാതുകൾ നൽകി
ഞാനാ ഒറ്റവാതിലിൽ
ചാരിയിരിക്കുന്നു.

# എഴുന്നൂറ്റിമുപ്പത്തഞ്ച്



**ആൽബിൻ കൊട്ടാരം**
*എം.എസ്‌സി. മാത്സ്*
*സെന്റ് തോമസ് കോളജ്*
*പാലാ*

ഡൈനിങ് ടേബിളിലൂടെ കൂട്ടംതെറ്റി അലയുന്ന കറുത്ത ഉറുമ്പിനെ വിരലുകൾ കൊണ്ടെടുത്തു തിന്നുകൊണ്ട് സാന്ദ്ര ആത്മഗതം ചെയ്തു.

ആയിരം ഉറുമ്പിനെ തിന്നാൽ അരയാനയുടെ ശക്തി കിട്ടുമെന്ന് സ്വാതിയുടെ അമ്മൂമ്മ പറഞ്ഞുവത്രേ. അവർ പറയുന്നതൊന്നും അങ്ങനെ തെറ്റാറില്ല. കഴിഞ്ഞമാസം അമ്മയെ കുളവി കുത്തിയപ്പോൾ സ്വാതിയുടെ അമ്മൂമ്മ പറഞ്ഞ പച്ചമരുന്ന് അരച്ചിട്ടാണ് നീരു പോയത്.

സ്വാതിയുടെ അമ്മൂമ്മയെ ഒരിക്കൽ കാണണം. തന്റെ അമ്മൂമ്മ തനിക്കു രണ്ടു വയസ്സുള്ളപ്പോഴാണ് മരിച്ചുപോയത്. അല്ലെങ്കിൽ തനിക്കും കുറെ കാര്യങ്ങൾ പറഞ്ഞുതരുമായിരുന്നിരിക്കണം.

ചിലപ്പോഴൊക്കെ സ്വാതിയേക്കാൾ അവളുടെ അമ്മൂമ്മയെ സ്നേഹിക്കുന്നത് താനാണെന്ന് അവൾ പറയാറുണ്ട്. അവളുടെ അമ്മൂമ്മ പലപ്പോഴും തന്റെ സ്വപ്നത്തിൽപോലും പ്രത്യക്ഷപ്പെട്ടു വളരെ വിചിത്രമായ ചില കാര്യങ്ങൾ തന്നോടു പറഞ്ഞിട്ടുണ്ട്. മനുഷ്യന്റെ മനസ്സാക്ഷിയെ കൊല്ലുന്ന ആമസോൺ മഴക്കാട്ടിലുള്ള ചുവന്ന ഉറുമ്പുകളെക്കുറിച്ച്... ഉറുമ്പുകളുടെ ലഹളകളെക്കുറിച്ച്... അങ്ങനെ അങ്ങനെ...

പക്ഷേ, സ്വാതിക്ക് ഇതിൽ ഒന്നും വിശ്വാസമില്ല.

ഉറുമ്പുകൾ നിഷ്കളങ്കരായ ജീവികളാണെന്നും അവയ്ക്ക് ഹിംസാത്മകമായ സ്വഭാവമില്ലെന്നും മനുഷ്യരാണ് അവയെ അനാവശ്യമായി കൊല്ലുന്നത് എന്നുമാണ് അവളുടെ അഭിപ്രായം.

സാന്ദ്ര താൻ തിന്ന ഉറുമ്പിന്റെ ഓർമയ്ക്കായി തന്റെ ഡയറിയിൽ എഴുനൂറ്റി മുപ്പത്തഞ്ച് എന്ന് നമ്പർ ഇട്ട ശേഷം ഇങ്ങനെ കുറിച്ചു: സമയം 12.50 പി.എം, സ്ഥലം: ഡൈനിങ് ഹാൾ, ഉറുമ്പ്: കറുത്ത നിറം (ചെറുത്)

പ്രിയപ്പെട്ട ഉറുമ്പിന്റെ ബന്ധുക്കൾക്ക് എന്റെ അനുശോചനങ്ങൾ!

പല പേജുകളിലായുള്ള കറുപ്പും കാപ്പിപ്പൊടിയും നിറമുള്ള ഉറുമ്പുകളുടെ ലിസ്റ്റ് സാന്ദ്ര വീണ്ടും വീണ്ടും മറിച്ചുനോക്കി.

പെട്ടെന്നാണ് വീണ്ടും സ്വാതിയെ ഓർമ വന്നത്. അവൾക്കിന്ന് വട്ടായി എന്നുപോലും താൻ വിചാരിച്ചു. ലൈബ്രറിയിൽ ഹിന്ദു പത്രം വായിച്ച് ആംഗലേയഭാഷയെ ആവാഹിക്കുന്നതിനിടയിലാണ് വൈസ് പ്രിൻസിപ്പൽ വന്നു ചൂടായത്. എല്ലാവരും ഹാളിൽ വരണം എന്ന പ്രിൻസിപ്പലിന്റെ അനൗൺസ്മെന്റ് അവഗണിച്ചതിനാണ്.

വൈസ് പ്രിൻസിപ്പൽ ചൂടായി പുറത്തേക്കു പോയപ്പോൾ മുതൽ ആരംഭിച്ച ചിരിയായിരുന്നു. സ്വാതി എന്തിനാണു ചിരിക്കുന്നത് എന്നു ചോദിച്ചിട്ട് ഒന്നുമില്ലെന്നും പറഞ്ഞ് അവൾ വീണ്ടും ചിരി തുടർന്നു. തിരിച്ച് ബസിൽ പോരുമ്പോഴും സ്വാതി എന്തോ ഓർത്തോർത്തു ചിരിക്കുന്നുണ്ടായിരുന്നു.

തന്നെ ചിരിക്കാൻ പഠിപ്പിച്ചത് അവളുടെ അമ്മൂമ്മയാണ്. ചെറുപ്പത്തിൽ അച്ഛൻ ആത്മഹത്യ ചെയ്യുന്നതു കണ്ടിട്ടാവണം പിന്നീട് താൻ ചിരിച്ചിട്ടില്ല എന്ന് അമ്മ പറയാറുണ്ട്.

പക്ഷേ, സ്വാതി പറഞ്ഞ അമ്മൂമ്മയുടെ കഥകൾ കേട്ടാണ് താൻ വീണ്ടും ചിരിക്കാൻ തുടങ്ങിയത്. ഒരിക്കൽ സ്വപ്നത്തിൽ അമ്മൂമ്മ പറഞ്ഞു: ചിരിക്കാത്ത മനുഷ്യർ മരണം ഉള്ളിൽ കൊണ്ടുനടക്കുന്നവരാണ്.

സ്വാതിയുടെ ചിരി വീണ്ടും ഓർമയിൽനിന്നു കൊഞ്ഞനം കുത്തിയപ്പോഴാണ് ഫോൺ റിങ് ചെയ്തത്. സാന്ദ്ര ഓടിച്ചെന്നപ്പോഴേക്കും അമ്മ ഫോൺ എടുത്തിരുന്നു.

സ്വാതിയുടെ അമ്മൂമ്മ മരിച്ചു.

നിലത്തുകൂടെ വലിയ ഒരു കറുത്ത ഉറുമ്പ് നീങ്ങുന്നതു നോക്കിക്കൊണ്ട് സാന്ദ്ര എന്തോ ആലോചിക്കുകയായിരുന്നു. അവളുടെ കണ്ണുനീർത്തുള്ളി ആ കറുത്ത ഉറുമ്പിന്റെമേൽ വീണു ചിതറിത്തെറിച്ചു. പെട്ടെന്ന് എന്തോ ഓർത്തപോലെ അവൾ ആ ഉറുമ്പിനെ എടുത്ത് ചവച്ചുകൊണ്ട് പുഞ്ചിരിച്ചു.

* * *

സ്വാതിയുടെ അമ്മൂമ്മ മരിച്ചു രണ്ടുമാസം കഴിഞ്ഞു. സ്വാതിയുടെ സ്വഭാവത്തിൽ വല്ലാത്ത മാറ്റം. അവളിപ്പോൾ ചിരിക്കാറേയില്ല. തന്നോട് മിണ്ടുമ്പോളും അവൾക്ക് പഴയ ഉത്സാഹമില്ല.



"എന്താ സ്വാതീ... എത്ര കാലം ഇങ്ങനെ നീ വിഷമിച്ചിരിക്കും?"

"അതിന് ആർക്കു വിഷമം. അവർ എന്റെ അമ്മൂമ്മ ഒന്നുമല്ല."

അതുകേട്ട് സാന്ദ്ര ഒന്നു നടുങ്ങി.

അവളെന്താണു പറഞ്ഞതെന്ന് അപ്പോഴും സാന്ദ്രയ്ക്കു പൂർണമായി മനസ്സിലായില്ല.

"ഞാനാണ് അവരെ കൊന്നത്."

അതു പറഞ്ഞുകൊണ്ട് സ്വാതി വീണ്ടും ചിരിക്കാൻ തുടങ്ങി. രണ്ടുമാസംമുമ്പ് താൻ കേട്ട അതേ ചിരി...

സാന്ദ്ര ഭയംകൊണ്ട് അടിമുടി വിറച്ചു.

"സ്വാതീ...നീ എന്താണീ പറയുന്നത്...നിനക്കു വട്ടാണോ?"

അതിനുത്തരം കൊടുക്കാതെ സ്വാതി മുറ്റത്തുകൂടെ നിരയായി നീങ്ങിയിരുന്ന അഞ്ച് ഉറുമ്പുകളെ പിടിച്ച് സാന്ദ്രയ്ക്കു നേരേ നീട്ടി.

"ഇന്നാ അഞ്ചെണ്ണം...നീ ഡയറിയെടുത്ത് ആയിരം എണ്ണം തികയ്ക്ക്..."

വരി തെറ്റിയ ഉറുമ്പുകൾ വേഗത്തിൽ തലങ്ങും വിലങ്ങും പാഞ്ഞു. എണ്ണം തെറ്റിയ ചിന്തകളിൽ കുരുങ്ങി സാന്ദ്ര വിയർത്തു.

* * *

996–1000, സമയം: 4.00 പി.എം സ്ഥലം: സ്വാതിയുടെ വീട്, ഉറുമ്പുകൾ: ചുവന്ന അഞ്ച് ഉറുമ്പുകൾ

പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കു മാപ്പ്.

സാന്ദ്ര ഡയറി അടച്ചുവച്ചപ്പോഴേക്കും രാത്രി നിലാവിനെ ഉമ്മവച്ച് പ്രണയാതുരയായി. നാട് ഉറക്കംപിടിച്ചു കിടക്കുമ്പോൾ സ്വാതി പറഞ്ഞ കഥകളായിരുന്നു സാന്ദ്രയുടെ മനസ്സുനിറയെ.

ആയിരം ഉറുമ്പിന്റെ ശക്തികൊണ്ട് വല്ലാതെ നിറഞ്ഞിരിക്കുന്നു. അമ്മൂമ്മയെ കൊന്ന പെൺകുട്ടി അല്ല സ്വാതി, അവളൊരു വല്ലാത്ത കാമുകിയാണെന്നു സാന്ദ്ര സ്വയം പറഞ്ഞു.

അതു പറഞ്ഞുകൊണ്ട് കട്ടിലിലേക്ക് എടുത്തുചാടുമ്പോൾ താനും ഒരു പ്രണയക്കടലിലേക്കു ചാടുന്നതായി അവൾക്കു തോന്നി.

പാവം സ്വാതി. ഇത്രയും വയസ്സായ അവളുടെ അമ്മൂമ്മ എന്തിനാണ് എന്നും അയാളോടു സംസാരിക്കാൻവേണ്ടി പോയിരുന്നത്. അറുപതു വയസ്സുണ്ടെങ്കിലും അയാളുടെ മീശയും വടിവൊത്ത ശരീരവും വല്ലാത്ത ഒരു സൗന്ദര്യം അയാളിൽ നിറച്ചു. രണ്ടാം ക്ലാസ് മുതൽ പാവം സ്വാതിയെ അയാൾ പ്രണയിക്കാറുണ്ടായിരുന്നത്രേ. അയാൾ അവൾക്ക് ഒരുപാട് ഉമ്മകൾ നൽകി, അവളെ കെട്ടിപ്പിടിച്ചു, ഒരുപാട് മിഠായികൾ നൽകി. അവൾക്ക് അയാളോടു പ്രണയം തോന്നിയതിൽ അത്ഭുതമില്ല. അപ്പനും അമ്മയും വർഷത്തിൽ ഒരിക്കൽ ഓസ്ട്രേലിയയിൽ നിന്നു വരുമ്പോൾമാത്രമാണ് അവൾക്കു പുതിയ ഉടുപ്പുകൾ കിട്ടിയിരുന്നത്. പക്ഷേ, അയാൾ ഒരുപാട് ഉടുപ്പുകൾ അവളെ അണിയിച്ചുനോക്കി അവളുടെ ഇഷ്ടംപോലെ വാങ്ങാൻ സമ്മതിച്ചിട്ടുണ്ട്. അവൾ വലുതായപ്പോൾ അവളുടെ പ്രണയവും വലുതായി. പക്ഷേ എന്തിനാണ് അമ്മൂമ്മ അയാളോടു വഴക്കുണ്ടാക്കാൻ പോയത്?

അയാളെ കാണാനും മിണ്ടാനും പറ്റില്ല പോലും... സ്വാതിക്ക് വേറെ വഴിയില്ലായിരുന്നു. പാവം... അമ്മൂമ്മയാണെങ്കിലും താൻ ഒരുപാട് സ്നേഹിക്കുന്ന ഒരാളെ തന്നിൽനിന്നും അടർത്തിമാറ്റിയാൽ പിന്നെ ആർക്കാണെങ്കിലും ഭ്രാന്തുപിടിക്കും. പാവം സ്വാതി. കൊല്ലണം എന്നൊന്നും വിചാരിച്ച് അല്ലായിരുന്നു. അല്ലെങ്കിലും ഈ ഉറുമ്പുകളെയൊക്കെ കൊല്ലാൻ തനിക്കും ഇഷ്ടമല്ല. പക്ഷേ, അരയാനയുടെ ശക്തി - അതിനുവേണ്ടി മാത്രമാണ്.

പ്രിയപ്പെട്ട ഉറുമ്പുകളോട് അവൾ മനസ്സിൽ ക്ഷമ ചോദിച്ചു.

സാന്ദ്ര ഡയറി വീണ്ടും എടുത്തു.

പ്രിയപ്പെട്ട ചത്തുപോയ ഉറുമ്പുകളേ... നിങ്ങൾക്ക് ഒരായിരം നന്ദി...

നിങ്ങൾ നൽകിയ ബലമാണ് സ്വാതിയുടെ കഴുത്തിൽ കയറു കെട്ടി അവളെ ഫാനിൽ തൂക്കുമ്പോളും എന്നെ തളരാതെ പിടിച്ചുനിർത്തിയത്.

പാവം അമ്മൂമ്മ... അവരെ കാണാൻ വേണ്ടി ഞാൻ കുറെ ആഗ്രഹിച്ചു. പക്ഷേ, അവൾ അതിനുമുമ്പ്... ചിരിക്കാത്ത മനുഷ്യരെല്ലാം മരണം ഉള്ളിൽ കൊണ്ടുനടക്കുന്നവരാണ് എന്ന് അമ്മൂമ്മ പറഞ്ഞതു ശരിയായിരിക്കും.

അവളുടെ പ്രണയം ശരിയായിരുന്നെങ്കിൽ അതിനേക്കാൾ വലുതായിരുന്നു എനിക്ക് അവളുടെ അമ്മൂമ്മ.

നാളത്തെ ഹിന്ദു പത്രത്തിൽ അവളുടെ ആത്മഹത്യയും പ്രണയകഥകളും എല്ലാം വരും. അപ്പോഴും പ്രിയപ്പെട്ട ഉറുമ്പുകളേ, നിങ്ങളാണ് എന്നെ പിടിച്ചുനിർത്തുന്നത്. അമ്മൂമ്മയെ എനിക്ക് എന്നും ഇഷ്ടമാണ്.

കാരണം, അവൾ പറഞ്ഞുതന്ന കഥകളിൽ ഞാൻ കണ്ട എന്റെ സ്വന്തം അമ്മൂമ്മ... നിങ്ങൾക്കുവേണ്ടി ഞാനും അവളെപ്പോലെ ഒരു ശരി ചെയ്തു.

ഡയറി അടച്ച് അവൾ ഉറങ്ങാൻ കിടന്നു.

പുറത്ത് പൊലീസ് വണ്ടിയുടെ സൈറൺ മുഴങ്ങുന്നതു കേൾക്കുന്നതിനുമുമ്പേ അവൾ വല്ലാത്ത ഒരു സംതൃപ്തിയോടെ ഉറക്കം പിടിച്ചുകഴിഞ്ഞിരുന്നു.

■

## ജീവിതം



**അഷ്ടലക്ഷ്മി. എ. എൻ**
ക്ലാസ് 8
എസ്.എൻ. എച്ച്.എസ്.എസ്., ചിതറ

ജീവിക്കാൻ ഒരു ജീവിതവും ഒരു ജന്മവുമേ ഉള്ളൂ. ഈ ജന്മം നല്ല സന്തോഷത്തോടെ ജീവിക്കുക. തെറ്റു ചെയ്താൽ ഒരു ശിക്ഷയോടെ അത് ആവർത്തിക്കാതിരിക്കുക.

ഓരോ തെറ്റും എഴുതിവയ്ക്കുക. മനസ്സ് പതറുമ്പോഴും ശ്രദ്ധ മാറുമ്പോഴുമാണ് തെറ്റുകൾ സംഭവിക്കുന്നതെന്നു മനസ്സിലാക്കാം.

വിദ്യാഭ്യാസം ജീവിതത്തിന് വളരെ അത്യന്താപേക്ഷിതമാണ്. ബാല്യംതൊട്ടേ വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിൽ അത് ജീവിതത്തിന്റെ പകുതിയിൽത്തന്നെ തോൽവിയായിടും.

ഓരോ ജീവിതത്തിനും ഓരോ ലക്ഷ്യം ഉണ്ടാകും. ആ ലക്ഷ്യം നിറവേറാനായി കഷ്ടപ്പെടുകയും വേണം.

## മഴ




**അശ്വന്ത് അരവിന്ദൻ**
ജി.ബി.വി.എച്ച്.
എസ്. എസ്. മാടായി
പഴയങ്ങാടി

# ദൈവത്തിന്റെ വരദാനമായി ദേവിക

■ രാജി അശോക്



കുമാരനല്ലൂരിന്റെ അഭിമാനമായി ഒരു കൊച്ചു താരോദയം കൂടി – ദേവിക.

സിനിമകളിലൂടെയും ഷോർട്ട്ഫിലിമുകളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും നൃത്തത്തിലും അഭിനയരംഗത്തും സംഗീതത്തിലും പ്രഭാഷണത്തിലും എന്നുവേണ്ട, എല്ലാ മേഖലകളിലും തന്റേതായ ഒരു ഇടം കണ്ടെത്തുകയാണ് ഈ കൊച്ചുമിടുക്കി.

നീണ്ട പതിനാറു വർഷത്തെ പ്രാർഥനയുടെയും നേർച്ചകാഴ്ചകളുടെയും തപസ്യയുടെയും ഫലമായി 2012 ൽ കോട്ടയം കുമാരനല്ലൂർ ദേവികൃപയിൽ ജ്യോതിബാബു – ഭാഗ്യശ്രീ ദമ്പതികളുടെ മകളായാണ് കുഞ്ഞുദേവികയുടെ ജനനം.

ദേവികയുടെ ഏഴാം വയസ്സിൽ ശശികല, സതീഷ് എന്നിവരുടെ പിന്തുണയിൽ മഴവിൽ മനോരമ ബംബർച്ചിരിയിൽ കുട്ടികളുടെ സ്കിറ്റിലൂടെ അഭനയരംഗത്തു തുടക്കം കുറിച്ചു. തുടർന്ന്, ‘സീ കേരള’ത്തിലെ റിയാലിറ്റിഷോകളിൽ അഭിനയിച്ചു. പിന്നീട് അമ്പിളി – മഹേഷ് ദമ്പതികളുടെ മൂന്ന് ആൽബങ്ങളിലും, നാലു ഷോട്ട് ഫിലിമുകളിലും അഭിനയിച്ചു.

അഞ്ചാം ക്ലാസ്സിൽ എത്തിയപ്പോൾ പ്രശസ്ത സംവിധായകൻ ജോഷി മാത്യുവിന്റെ നവയുഗ് ചിൽഡ്രൻസ് തിയേറ്റർ ആൻഡ് മൂവി വില്ലേജിൽ ഒരു നിയോഗംപോലെ എത്തപ്പെട്ടത് കൊച്ചു ദേവികയ്ക്ക് ഒരു വഴിത്തിരിവായി. അവിടത്തെ അഭിനയക്കളരിയിൽ അരങ്ങേറിയ സിൻഡ്രല്ല എന്ന നാടകത്തിലെ സിൻഡ്രല്ല എന്ന കഥാപാത്രം. ബിനോയ് വേളൂരിന്റെ ഒറ്റമരം എന്ന സിനിമയിൽ എത്തിച്ചു.




അഞ്ചാം ക്ലാസ് മുതൽ സ്കൂൾകലോത്സവങ്ങളിൽ ജില്ലാതലത്തിൽ സംസ്കൃത നാടകത്തിൽ മികച്ച നടിയായി തിരഞ്ഞെടുപ്പെട്ടുപോരുന്ന ദേവിക പദ്യപാരായണം, അക്ഷരശ്ലോകം, മോണോആക്ട്, ചമ്പുപ്രഭാഷണം തിരുവാതിര, നാടോടിനൃത്തം എന്നിവയിൽ എ ഗ്രേഡ് നേടിയിട്ടുണ്ട്. ഈ വർഷം ആറിനങ്ങളിൽ മത്സരിച്ച് നാലെണ്ണത്തിൽ എ ഗ്രേഡ് നേടുകയും നാടകത്തിനും ചമ്പുപ്രഭാഷണത്തിനും സംസ്ഥാനതലത്തിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കോട്ടയം തിരുനക്കര തൃക്കൈക്കാട്ടുമഠത്തിൽ വേദപഠനം ആരംഭിച്ച കുഞ്ഞുദേവിക ക്ഷേത്രങ്ങളിൽ വേദപാരായണവും പ്രഭാഷണവും ഭജനയും അവതരിപ്പിച്ച് ആത്മീയവഴിയിലൂടെയും തന്റെ സാന്നിധ്യം അറിയിച്ചുപോരുന്നു. കൂടാതെ, നൃത്തം ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ലായെങ്കിൽപ്പോലും ക്ഷേത്രങ്ങളിൽ നൃത്തപരിപാടിയും അവതരിപ്പിച്ചു വരുന്നു.

കുമാരനല്ലൂർ ദേവീവിലാസം സ്കൂളിൽ 8–ാം ക്ലാസിൽ പഠിക്കുന്ന ദേവിക 5–ാം ക്ലാസ് മുതൽ സബ് ജില്ലാ കലോത്സവങ്ങളിൽ പങ്കെടുത്തുവരുന്നു. നാലു വർഷവും സബ്ജില്ലയിലും ജില്ലയിലും മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടുകയുണ്ടായി. അഭിനയത്തോടൊപ്പം പഠനത്തിലും മികവു പുലർത്തുന്ന ദേവികയ്ക്ക് എൽ.എസ്.എസ്. സ്കോളർഷിപ്പും യു.എസ്.എസ്. സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്.

തന്റെ ഗോഡ്ഫാദർ കൂടിയായ ജോഷി മാത്യു സാറിന്റെ ‘ദൈവത്താൻകുന്ന്’ എന്ന കുട്ടികളുടെ സിനിമയിൽ നായികയായി അഭിനയിച്ചുകൊണ്ട് ഒരു പുതിയ കാൽവയ്പുകൂടി നടത്തിയിരിക്കുകയാണ് ദേവിക.

പ്രദർശനത്തിനായി അണിയറയിൽ ഒരുങ്ങുന്ന ദൈവത്താൻകുന്നിലും 2026 ൽ കാസ്റ്റ് ചെയ്യപ്പെട്ട പല സിനിമകളിലും പ്രതീക്ഷയർപ്പിച്ചു കാത്തിരിക്കുകയാണ് ഭാവിയുടെ വാഗ്ദാനമായ ദേവിക എന്ന കൊച്ചുസുന്ദരി.




## എന്റെ വര









**ഐറിൻ ആൻ ജോജോ**
ക്ലാസ് 5
സെന്റ് മേരീസ് ജി.എച്ച്.എസ്.
കുറവിലങ്ങാട്